# പിഴുതെറിയപ്പെട്ടവരുടെ വിലാപങ്ങൾ

പി.എ. അശോകൻ

'വികസന'പദ്ധതികളുടെ ഇരകളാകേണ്ടിവന്നത് എപ്പോഴും എവിടേയും സമൂഹത്തിലെ അവശവിഭാഗങ്ങളാണ്. നിയന്ത്രണങ്ങളില്ലാത്ത മൂലധനം ഒഴുകിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇത്തരം പാർശ്വവൽകൃതരായവരുടെ എണ്ണം കൂടിക്കൊണ്ടേയിരിക്കുന്നു.

വികസനത്തിന്റെ ചിഹ്നങ്ങളായ ഡാമുകൾ നിർമ്മിക്കുന്നതിലൂടെ തകരുന്ന ജനവിഭാഗങ്ങൾ ആദിമനിവാസികളാണ് ലോകത്തെല്ലായിടത്തും. തങ്ങളുടെ ആവാസചുറ്റുപാടുകൾ പൂർണ്ണമായും തകരുന്നതിലൂടെ നാടോടികളും ചേരിനിവാസികളുമായി മാറ്റപ്പെടുന്നു ഈ വിഭാഗങ്ങൾ. ഒരു പുഴയിൽത്തന്നെ നിർമ്മിച്ച ഡാമുകളുടെ നിർമ്മാണത്തിലൂടെ പലപ്രാവശ്യം പിഴുതെറിയപ്പെട്ട ഒരു ജനവിഭാഗത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ചിത്രീകരിക്കുന്ന ഒരു ഡോക്യുമെന്ററി സിനിമയാണ് അഡ്വ.ആർ.കെ.ആശ സംവിധാനവും നിർമ്മാണവും നിർവ്വഹിച്ച 'ഡയസ്പോറ'. തങ്ങളുടെ ജീവന്റെ കേന്ദ്രമായ കാടിന്റെ സ്വാഭാവികത തകർത്തുകൊണ്ടുള്ള ഡാം നിർമ്മാണത്തിലൂടെ നിരന്തരം പാലായനം ചെയ്യേണ്ടിവന്ന പൊകലപ്പാറ, ആനപ്പാന്തം പ്രദേശങ്ങളിലെ 'കാടർ' വിഭാഗത്തിന്റെ അനുഭവങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്.

പറമ്പിക്കുളം ഡാമിനുവേണ്ടിയാണ് തങ്ങളുടെ പൂർവ്വികർ ആദ്യമായി കുടിയൊഴിപ്പിക്കപ്പെട്ടത്. പിന്നീട് കല്ലാർകുറ്റി, തൂണക്കടവ്, അപ്പർ ഷോളയാർ, ലോവർ ഷോളയാർ, പെരിങ്ങൽകുത്ത് തുടങ്ങി ആറ് ഡാമുകൾക്കുവേണ്ടി തങ്ങളുടെ വാസയിടങ്ങളിൽ നിന്ന് ഇവർ വലിച്ചെറിയപപ്പെട്ടു. ഇപ്പോഴിതാ അതിരപ്പിള്ളി ഡാമിനുവേണ്ടി കുടിയിറക്കുഭീഷണിയിൽ കഴിയുകയാണ്. നിരന്തരം പാലായനം ചെയ്യേണ്ടിവരുന്നവരുടെ ദുരിതങ്ങൾ അവരുടെ വാക്കുകളിലൂടെത്തന്നെ നമ്മെ അസ്വസ്ഥതപ്പെടുത്തുന്നു. ഈ ചെറുസിനിമ ആനമലക്കാടുകളിലെ ആദിമഗോത്രവിഭാഗമായ കാടർ നേരിടുന്ന ഈ ദുരന്തം 'വികസന'ത്താൽ തകരുന്ന ജീവിതങ്ങൾക്ക് പാഠമാകേണ്ടതുണ്ട്. കാടിന്റെ മനോഹരമായ ദൃശ്യങ്ങളിലൂടെ, അതിനുചേരുന്ന സംഗീതത്തിലൂടെ ഈ ഡോക്യുമെന്ററി ഒരു നല്ല അനുഭവമാണ്.

പ്രമുഖ സാമൂഹ്യപ്രവർത്തകയായ അഡ്വ. ആശയുടെ ഈ രംഗത്തെ ആദ്യ സംരംഭം എന്ന രീതിയിൽ ഇതിന് ഏറെ പ്രസക്തിയുണ്ട്. വിവേചനങ്ങളാൽ ഒതുക്കപ്പെട്ട ഒരു വിഭാഗത്തിന്റെ പ്രതിനിധിയായ ആശയ്ക്ക് തന്റെ അരികുചേർന്നു നിൽക്കുന്ന വിഭാഗത്തിന്റെ വേദനകൾ തിരിച്ചറിയാൻ കഴിഞ്ഞുവെന്നത് ഈ സംഭവത്തിന്റെ രാഷ്ട്രീയം വ്യക്തമാക്കുന്നു.

***ഡയസ്പോറ**-ഗലേറിയ ഓഫ് വാണ്ടറേഴ്സ്/മലയാളം ഡോക്യുമെന്ററി, 25 മിനിറ്റ്, സംവിധാനം : അഡ്വ. ആർ.കെ. ആശ, ഗാർഗി വുമൺ മീഡിയ കളക്ടീവ്.*




## പ്രാദേശിക മദ്യനിരോധന വകുപ്പുകൾ പുനഃസ്ഥാപിക്കുക

പ്രാദേശിക വിഭവങ്ങളുടെ വിനിമയ വ്യാവസായിക കാര്യങ്ങളിലും മറ്റ് വ്യാപാര നിയന്ത്രണവിഷയങ്ങളിലുമുള്ള നിർണ്ണയാവകാശം തദ്ദേശീയഭരണകൂടങ്ങൾക്കായിരിക്കണമെന്നമുദ്രാവാക്യമുയർത്തി പഞ്ചായത്ത് രാജിലെ പ്രാദേശിക മദ്യ നിരോധന വകുപ്പുകൾ (232-447) പുനഃസ്ഥാപിക്കണം എന്നാവശ്യപ്പെട്ട് കേരള മദ്യനിരോധനസമിതി നടത്തുന്ന അനിശ്ചിതകാല സത്യാഗ്രഹം 200 ദിവസം പിന്നിട്ടു. മലപ്പുറം കളക്ടറേറ്റ് പടിക്കലാണ് സത്യാഗ്രഹം നടക്കുന്നത്.

**ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ. 9447445452**

## ഹിന്ദ് സ്വരാജ്

ഗാന്ധിയൻ ദർശനങ്ങളുടെ അടിസ്ഥാനകൃതിയായ ഹിന്ദ് സ്വരാജിന്റെ 100-ാം വാർഷികത്തിന്റെ ഭാഗമായി ഒരുവർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾ സംഘടിപ്പിക്കാൻ ഹിന്ദ് സ്വരാജ് ശതാബ്ദി ആഘോഷ സമിതിക്ക് ഗാന്ധിയൻ പ്രസ്ഥാനങ്ങൾ രൂപം നൽകി. തുടർപരിപാടികളിലേക്ക് താങ്കളേയും ക്ഷണിക്കുന്നു.

**ഗാന്ധിഭവൻ, തൈക്കാട്, തിരുവനന്തപുരം.**